# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6235 07.11.2016-ൽ മറുപടിക്ക്

## തുറമുഖ വകുപ്പിന്റെ കടവുകളിൽ നിന്ന് മണൽ വിതരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ. കുഞ്ഞിരാമൻ** | | **ശ്രീ. രാമചന്ദ്രൻകടന്നപ്പള്ളി (തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)** |
| (എ) | തുറമുഖ വകുപ്പിന് കാസർഗോഡ് ജില്ലയിൽ എത്ര കടവുകൾ ഉണ്ടെന്ന് അറിയിക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ തുറമുഖവകുപ്പിന് കീഴിൽ മഞ്ചേശ്വരം, കാസർഗോഡ്, ചെറുവത്തൂർ എന്നിവിടങ്ങളിലായി 12 കടവുകളിൽ മണൽ ഖനനവും വില്പനയും നടത്തുന്നുണ്ട്. |
| (ബി) | ഈ ഓരോ കടവിൽ നിന്നും എത്ര ലോഡ് മണലാണ് ദിവസേന നൽകുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | ഓരോ കടവിൽ നിന്നും ദിവസേന നല്കുന്ന മണൽ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | നിലവിൽ മണൽ ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ; | (സി) | തുറമുഖവകുപ്പിന്റെ ഓൺലൈൻ സൈറ്റായ www.portinfo.cdit.org എന്ന സൈറ്റ് മുഖേനയാണ് മണൽ ബുക്ക് ചെയ്യേണ്ടത്. കാസർഗോഡ് തുറമുഖത്ത് മാസത്തിൽ രണ്ട് തവണയായി പത്ര പരസ്യം നൽകി പെർമിറ്റ് നൽകിവരുന്നു. പെർമിറ്റ് അനുവദിച്ചാൽ പൊതുജനങ്ങൾക്ക് ഓൺലൈൻ വഴി മണൽ [illegible] ചെയ്യാവുന്നതാണ്. |
| (ഡി) | കഴിഞ്ഞ മൂന്ന് മാസത്തിനിടെ മണൽ ബുക്ക് ചെയ്ത് മണൽ കൊണ്ടു പോയവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ; | (ഡി) | മണൽ ബുക്ക്ചെയ്ത് കൊണ്ടുപോയവരുടെ ലിസ്റ്റ് പ്രത്യേകമായി സൂക്ഷിക്കുന്നില്ല. ഓൺലൈൻ മുഖാന്തിരം ബുക്ക് ചെയ്യുന്നവരുടെ അപേക്ഷ പരിശോധിച്ച് അനുവദിച്ച് നല്കുകയാണ് ചെയ്യുന്നത്. തുടർന്ന് ബന്ധപ്പെട്ട സൊസൈറ്റി മണൽ വിതരണം ചെയ്യുന്നു. തുറമുഖ വകുപ്പിന്റെ ഓൺലൈൻ സൈറ്റ് കൈകാര്യം ചെയ്യുന്ന C.DIT മായി ബന്ധപ്പെട്ട് മൂന്ന് മാസത്തെ ലിസ്റ്റ് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | സാധാരണക്കാരന് മണൽ കിട്ടുന്നില്ലെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ഇ) | സാധാരണക്കാർക്ക് മണൽ കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകൾ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് മണൽ ബുക്കിംഗും വിതരണവും ഓൺലൈൻ സമ്പ്രദായത്തി ലാക്കിയത്. ഇത് നടപ്പിലാക്കിയശേഷം ഏതൊരു ഉപഭോക്താവിനും ഇൻറർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറിൽ നിന്നോ മൊബൈൽഫോണിൽ നിന്നോ മണൽ ബുക്കു ചെയ്യാവുന്നതാണ്. നിർദ്ദിഷ്ട പ്രമാണങ്ങൾ സഹിതം ഓൺലൈനായി ബുക്ക് ചെയ്ത യോഗ്യരായ ഏതൊരാൾക്കും നിലവിൽ മണൽ ലഭിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | ജില്ലയിൽ പുഴ മണൽ കിട്ടാത്ത സാഹചര്യത്തിൽ തുറമുഖ വകുപ്പിന്റെ കടവുകളിൽ നിന്ന് സാധാരണക്കാരന് മണൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എഫ്) | നിർദ്ദിഷ്ട പ്രമാണങ്ങൾ സഹിതം ഓൺലൈനായി ബുക്ക ചെയ്യുന്ന ഏതൊരു ഉപഭോക്താവിനും അർഹതയുള്ള പക്ഷം നിലവിൽ തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള കടവുകളിൽ നിന്നും മണൽ ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

**തുറമുഖ വകുപ്പിന്റെ കീഴിലുള്ള ഓരോ കടവിൽ നിന്നും ദിവസേന നല്കുന്ന മണൽ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.**

1. കോട്ടപ്പുറം പൂഴിവാരൽ തൊഴിലാളി ക്ഷേമ സഹകരണസംഘം, ലിമിറ്റഡ്
   നം. എസ്. 491 - **45 ടൺ.**
2. മടക്കര പരമ്പരാഗത മണൽ വാരൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം ലിമിറ്റഡ്
   നം. എസ്. 525 **– 170 ടൺ**
3. ഓരിക്കടവ് പൂഴിവാരൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം, ലിമിറ്റഡ്
   നം. എസ്. 513 **– 75 ടൺ**
4. കൈതക്കാട് പൂഴിവാരൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം, ലിമിറ്റഡ്
   നം. എസ്. 514 **– 80 ടൺ**
5. അച്ചാംതുരുത്തി പൂഴിവാരൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം, ലിമിറ്റഡ്
   നം. എസ്. 489 **– 80 ടൺ**
6. ചളിയംകോട് മണൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം, ലിമിറ്റഡ്
   നം. എസ്. 448 **– 140 ടൺ**
7. കാസർഗോഡ് താലൂക്ക് പൂഴി തൊഴിലാളി ക്ഷേമ സഹകരണ സംഘം,
   ലിമിറ്റഡ് നം. എസ്. 440 **– 115 ടൺ**
8. കാസർഗോഡ് പോർട്ട് മാനുൽ ഡ്രഡ്ജിംഗ് വർക്കേഴ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ്
   സൊസൈറ്റി ലിമിറ്റഡ് നം.എസ്. 495 **– 50 ടൺ**
9. ഷിറിയ വളയം പൂഴി തൊഴിലാളി ക്ഷേമ സഹകരണ സംഘം, ലിമിറ്റഡ്
   നം. എസ്. 501 **– 80 ടൺ**
10. മൊഗ്രാൽ പുത്തൂർ പൂഴി തൊഴിലാളി ക്ഷേമ സഹകരണ സംഘം, ലിമിറ്റഡ്
    നം. എസ്. 498 **– 160 ടൺ**
11. ആരിക്കാടി മാന്വൽ ഡ്രഡ്ജിംഗ് വർക്കേഴ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി
    ലിമിറ്റഡ് നം.എസ്. 505 **– 120 ടൺ**
12. മഞ്ചേശ്വരം പൂഴി തൊഴിലാളി ക്ഷേമ സഹകരണ സംഘം, ലിമിറ്റഡ്
    നം. എസ്. 494 **– 110 ടൺ**

    (മണൽ കൊണ്ടു പോകുന്നതിന് 5 ടണ്ണിന്റെയും 3 ടണ്ണിന്റെയും വാഹനങ്ങൾ ഉപയോഗിച്ചുവരുന്നു.)

സെക്ഷൻ ഓഫീസർ